# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.p15/124/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.p15/124/2023 തീയ്യതി: 04/04/2023

## തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-07-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ പി. എ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ (09.01.2023 മുതൽ)
ശ്രീ. സിജു പി. ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി. എസ്, അസി. ഓഡിറ്റ് ഓഫീസർ (09.01.2023 മുതൽ)
ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ധനീഷ് കെ.എസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| കെ ബി സജീവ്കുമാർ | സെക്രട്ടറി | 01-04-2021 | 28-06-2021 |
| എം എഫ് ജോസ് | സെക്രട്ടറി | 28-06-2021 | 31-03-2022 |
| പി ജയ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രുതി എൻ സുബ്രമണ്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ധന്യ വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. മഞ്ജു പി.എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| മിനി കെ വേലായുധൻ | ഹെഡ്മിസ്ട്രസ് | 01-04-2021 | 26-10-2021 |
| ബിന്ദു സി | ഹെഡ്മിസ്ട്രസ് | 27-10-2021 | 03-12-2021 |
| സെബാസ്റ്റ്യൻ ജോസഫ് | ഹെഡ്മാസ്റ്റർ | 04-12-2021 | 07-01-2022 |
| ബിന്ദു സി | ഹെഡ്മിസ്ട്രസ് | 07-01-2022 | 31-03-2022 |
| ബീന പി.ബി | വി ഇ ഒ (കൊറ്റനെല്ലൂർ സർക്കിൾ) | 01-04-2021 | 19-09-2021 |
| ബിബിത പി.ബി | വി ഇ ഒ (കൊറ്റനെല്ലൂർ സർക്കിൾ) | 20-09-2021 | 31-03-2022 |
| അജിത പി.ബി | വി ഇ ഒ (നടവരമ്പ് സർക്കിൾ) | 01-04-2021 | 31-03-2022 |
| ഐശ്വര്യമോൾ ഫ്രാൻസിസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ തനൂജ കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.പ്രശോഭ്കുമാർ കെ.സി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ നീലിമ കെ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 30-11-2021 |
| സെറിൻ പി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| ജിബിന എം.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| പി. ജയ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷികകണക്കിലെ അപാകതകൾ | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 18 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-8 |
| 19 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-10-9 |
| 20 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-10 |
| 21 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-11 |
| 22 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-12 |
| 23 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-13 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-14 |

| | | |
|---|---|---|
| 25 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-15 |
| 26 | ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല | 1-10-16 |
| 27 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-10-17 |
| 28 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-10-18 |
| 29 | മാസങ്ങളായിട്ടും ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത് 22,383 രൂപ | 1-10-19 |
| 30 | “Directly Credited By Bank”12348 രൂപ - തുടർനടപടി സ്വീകരിക്കണം | 1-10-20 |
| 31 | IDBI ബാങ്ക് അക്കൗണ്ട് പലിശ തുക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ് | 1-10-21 |
| 32 | സി.എഫ്.സി ഗ്രാന്റ്-ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല | 1-10-22 |
| 33 | വികസനഫണ്ട് (ടി.എസ്.പി)- സർക്കാർ , വികസനഫണ്ടിൽ നിന്ന് കുറവ് ചെയ്ത തുകയ്ക്ക് പ്രോജക്റ്റ് തയ്യാറാക്കുകയോ കണക്കുകളിൽ വരുമാനമായും വായ്പ തിരിച്ചടവായും രേഖപ്പെടുത്തുകയും ചെയ്തില്ല | 1-10-23 |
| 34 | ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം/വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന സംസ്ഥാന വിഹിതം എന്നിവ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ സാങ്കല്പിക വരുമാനം, ചെലവ് എന്നിവ രേഖപ്പെടുത്തി വരുന്നു | 1-10-24 |
| 35 | സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - ശീർഷകങ്ങളിൽ വ്യത്യാസം | 1-10-25 |
| 36 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-10-26 |
| 37 | Trial Balance ൽ ഉൾപ്പെടാത്ത ലെഡ്ജർ അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് Income & Expenditure ൽ കാണുന്നു | 1-10-27 |
| 38 | വരവ് തുക വരുമാനശീർഷകത്തിൽ ചേർത്തിട്ടില്ല | 1-11 |
| 39 | പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല | 1-12 |
| 40 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുക്കേണ്ടതാണ് | 1-13 |

| | | |
|---|---|---|
| 41 | കെട്ടിടനിർമ്മാണം ക്രമവത്കരണം-രേഖകൾ ഹാജരാക്കേണ്ടതാണ് | 1-14 |
| 42 | ഫയലുകൾ ഹാജരാക്കിയിട്ടില്ല | 1-15 |
| 43 | ബിൽഡിങ്ങ് റഗുലറൈസേഷൻ -തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഇല്ല | 1-16 |
| 44 | ബിൽഡിങ്ങ് പെർമ്മിറ്റ്-മൈനിങ്ങ് ആന്റ് ജിയോളജി സാക്ഷ്യപത്രം നൽകിയില്ല | 1-17 |
| 45 | ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സർക്കാർ ഉത്തരവിനനുസൃതമല്ലാതെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നു | 1-18 |
| 46 | വീട് വയറിങ്ങ് (പട്ടികജാതി) - സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പാലിച്ചിട്ടില്ല. 90000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 47 | വീട് വാസയോഗ്യമാക്കൽ - എസ്.സി.പി -പണി പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 48 | ലൈഫ് ഭവന നിർമ്മാണം എസ്.സി പണി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 49 | ആശ്രയ വീട് വാസയോഗ്യമാക്കൽ - എസ്.സി -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 50 | വീട് വാസയോഗ്യമാക്കൽ - ജനറൽ - പണി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 51 | ലൈഫ് (ജനറൽ) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 52 | ആശ്രയ വീട് വാസയോഗ്യമാക്കൽ -ജനറൽ -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 53 | വനിതകൾക്ക് സ്വയം തൊഴിലിന് സബ്സിഡി-സ്ഥാപനം പ്രവർത്തിക്കുന്നില്ല | 1-26 |
| 54 | കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 55 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-28 |
| 56 | ആശുപത്രി മാനേജിങ്ങ് കമ്മറ്റി - കണക്കുകൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 57 | തനത് ഫണ്ട് - പ്രോജക്റ്റിലെ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു | 1-30 |
| 58 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ് - ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി | 1-31 |
| 59 | പഞ്ചായത്ത് കോൺഫറൻസ് ഹാളിലെ ഇലക്ട്രോണിക് പ്രവൃത്തികൾ-പൂർത്തീകരണസാക്ഷ്യപത്രം,ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയില്ല | 1-32 |
| 60 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല | 1-33 |
| 61 | കുഴിച്ചെടുത്ത മണ്ണ് ഫിൽ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-34 |
| 62 | തൊഴിലുറപ്പുപദ്ധതി പ്രവർത്തനം | 1-35 |
| 63 | ക്വാറി മക്ക് ഫില്ലിങ്ങ് - പ്രൈസ് സോഫ്റ്റ്‌വെയർ, തൊഴിലുറപ്പുപദ്ധതി നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-36 |
| 64 | ക്യാഷ് ബുക്ക് സമയബന്ധിതമായി എഴുതാത്തത് ഓഡിറ്റ് എൻക്വയറിയെ | 1-37 |

| | | |
|---|---|---|
| | തുടർന്ന് എഴുതി ഹാജരാക്കി | |
| 65 | വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് എഴുതി തയ്യാറാക്കിയിട്ടില്ല, മോണിറ്ററിങ് റിപ്പോർട്ട് ഭാഗികം | 1-38 |
| 66 | വിവരാവകാശനിയമ രജിസ്റ്റർ, ഫയൽ എന്നിവ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല | 1-39 |
| 67 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും | 1-40 |
| 68 | പ്രൈസ് സോഫ്റ്റ് വെയറിൽ അപാകത | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | തൻവർഷം സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളവയുടെ വിവരം | 4-1 |
| 2 | തൻവർഷം ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്നവയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 23,46,30,274 | 22,51,72,678 |
| ചെലവ് | 22,66,24,000 | 23,67,06,704 |

20.02.2021 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2021 തീയതിയിലെ 1 (1)-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 01-08-2022 |

### 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 26,879,422 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,85,391,24 |
| ആകെ | 14,54,18,546 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,96,98,221 |
| നീക്കിയിരിപ്പ് | 25,720,325 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ)- | 0 | 17082561 | 17082561 | 16095797 | 986764 |
| വികസനഫണ്ട് (എസ്.സി.പി)- | 0 | 11552436 | 11552436 | 11188654 | 363782 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 132700 | 132700 | 120000 | 12700 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)- സ്പിൽ ഓവർ | 0 | 877199 | 877199 | 817523 | 59676 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)-സ്പിൽ ഓവർ | 0 | 4653509 | 4653509 | 3901905 | 751604 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)- ബാങ്ക് അക്കൗണ്ട് | 0 | 3251022 (പലിശ 91022 ഉൾപ്പെടെ) | 3251022 | 2741362 | 509660 |
| ധനകാര്യകമ്മീഷൻ | | 4740000 | 4740000 | 3202788 | 1537212 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (Tied)-ബാങ്ക് അക്കൗണ്ട് | | | | | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21879988 | 21879988 | 21161236 | 718752 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് പ്രകാരം | 0 | 5829034 | 5829034 | 4226277 | 1602757 |

കുറിപ്പ്-വികസനഫണ്ട് (ജനറൽ), (എസ്.സി.പി), (ടി.എസ്.പി) എന്നിവയിൽ നിന്നും സർക്കാർ വിവിധ ഇനങ്ങളിൽ നടത്തിയ റിക്കവറി തുകകൾ കുറവ് ചെയ്യാതെയുള്ള അലോട്ട്മെന്റ് തുകകളാണ് സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് എന്നതിനാൽ ആ റിക്കവറികൾ കുറവ് ചെയ്യുന്നതിന് മുമ്പുള്ള തുകകളാണ് ചേർത്തിരിക്കുന്നത്. ACR-ൽ റിക്കവറിയ്ക്ക് ശേഷമുള്ള തുകകളാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ ആയതുമായി വരവ് പൊരുത്തപ്പെടണമെന്നില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 237 | 158948453 | വിവരം ലഭ്യമാക്കിയിട്ടില്ല | 98012818 | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല | വിവരം ലഭ്യമാക്കിയിട്ടില്ല |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9277 | 749578 | 758855 | 757052 | 1773 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18036531 | 18036531 | 18036531 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 47,77,600 | 271 |
| വിധവാ പെൻഷൻ | 1,50,43,000 | 977 |
| വാർദ്ധക്യകാല പെൻഷൻ | 4,27,16,300 | 2869 |
| വികലാംഗ പെൻഷൻ | 45,28,100 | 284 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17,96,600 | 116 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-01-2023 തീയതിയിൽ 2.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 39293/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സാമ്പത്തികവർഷത്തിലെ ആർദ്രകേരളം പുരസ്കാരം ലഭിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. കോവിഡ് സാഹചര്യം നിലനിന്നിട്ടുകൂടി പദ്ധതി പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാൻ സാമ്പത്തികവർഷം കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വാർഷികകണക്കിലെ അപാകതകൾ

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-10-2 വസ്തു നികുതി-റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS-ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3311247 | 3260704 | 34079 | 16464 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3311247 | 3260704 | 4834 | *16464 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(17295/105X100)=16471 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക |

| | | | | | |
|---|---|---|---|---|---|
| | | | | | എടുക്കുന്നു |

1. മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2071909 | 1841912 | 18327 | 211689 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2071909 | 1841912 | - | *211689 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(222280 /105X100)=211685 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുൻകൂർ തുക ക്രമീകരിച്ചത് പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തു നികുതി-റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ | 48882 | 35785 | 13097 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *26447 | 35785 | **13097 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (18354+9416= 27770/105*100) = 26447 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (13761 X 100/105)=13105 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-5 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 448870 | 213246 | 235624 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *243836 | 213246 | **235624 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(211782+44246 =256028/105*100) =243836 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(247408/105X100)=235626, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-6 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 168789 | 2489 | 171278 | 166361 | 1825 | 168186 | 1862 | | 831 | 664 | 1495 |
| | നോൺ-റെസിഡൻഷ്യൽ | 104330 | 22470 | 126800 | 93198 | 10686 | 103884 | 933 | | 10591 | 11754 | 22380 |
| | ആകെ | | | 1844078 | | | 272070 | 2795 | | 23875 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 279267 | | | 272070 | | | | 274186 | 23870 | | |
| | | 13560+265707 =279267 (2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101- State Govt. Cess/levies.. ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35 (വരവ്)) | | | | (431910101- State Govt. Cess/levies. ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരവും 272070/- രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt. Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 274186/- രൂപയാണ്.

## 1-10-7 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ" |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 5871 | 477967 |
| 2 | 350410104-Advance | 8648 | 83125 |

| | | | |
|---|---|---|---|
| | Collection Of Revenues -Property Tax On Non-Residential Building | | |

1-10-8 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സdമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22വർഷത്തിൽ വേളൂക്കര ഗ്രാമപഞ്ചായത്തിൽ 271 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി 29/7/21, 31/3/21 തീയ്യതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-9 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ഷെഡ്യൂളിൽ വസ്തുനികുതി മുൻകൂർ ശീർഷകങ്ങളിൽ "Prior Period Items/State Levies In Property Tax " എന്ന നോമിനൽ അക്കൗണ്ടുകൾ പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിച്ചതായി കാണുന്നു. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സാങ്കല്പിക വർദ്ധനവ് വരുത്തിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42100922 | 31/3/22 | 229 |
| 42100926 | 31/3/22 | 2562 |

1-10-10 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),

(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ട്രേഡേഴ്സ്)

4.ലേലം രജിസ്റ്റർ

### 1-10-11 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories,Traders,Enterprenuers And Other Services | 220200 |
| 2 | ലൈവ് സ്റ്റോക്ക് | 350410302- Advance Collection Of Revenues-Licence Fees For Live Stock Farms | 3050 |
| 3 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax -Traders/institution/Professionals | 189530 |

### 1-10-12 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income”, “190000000-Prior Period Expenditure ”എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 177399 |
| 190100102-Prior Period Income-Profession Tax Institution/Professionals/Traders | 2600 |
| 290800401-Prior Period Expenses- Interest And Finance Charges | -40 |
| 290800101-Prior Period Expenses- Establishment | 31062 |
| 290800701- Prior Period Expenses-Miscellaneous Expenses | 20086 |

| | |
|---|---|
| 290800501- Prior Period Expenses-Programme Expenses | 8500 |

### 1-10-13 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents”ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1159097) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8146657/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-16 ഡിപ്രിയിസേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-10-17 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 18450686/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 18793496/- രൂപയാണ്. ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 545795.85/- രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

ആകെ ചെലവ് തുകയായ 18793496-ൽ നിന്നും ആസ്തികൾ നിർമിക്കുന്നതിനുള്ള 545795.85/- രൂപ കുറവ്

ചെയ്ത് ബാക്കി റവന്യൂ ചെലവായ 18247700.15/- രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. എന്നാൽ 18450686/- രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല 545795.85/- രൂപയുടെ ആസ്തികൾ ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആസ്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആസ്തികൾ | തുക |
|---|---|
| അവിട്ടത്തൂർ തെക്ക് ഭാഗത്തെ SNDP കിഴക്കോട്ട് റോഡ് കോൺക്രീറ്റിംഗ് | 248504.85 |
| അവിട്ടത്തൂർ തെക്ക് ഭാഗത്തെ മനപ്പടി തെക്കോട്ട് റോഡ് കോൺക്രീറ്റിംഗ് | 297291.00 |
| ആകെ | 545795.85 |

1-10-18 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് അക്കൗണ്ട് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| ടി.ഡി.സി.ബി തനത് | 019739 | 27/6/20 | 360 |
| | 022981 | 2/6/21 | 450 |

1-10-19 മാസങ്ങളായിട്ടും ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത് 22,383 രൂപ

എസ്.ബി.ഐ ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടിന്റെ 31/3/22-ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 22383/- രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് 9 മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത തുകകൾ വരെ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-10-20 “Directly Credited By Bank”12348 രൂപ - തുടർനടപടി സ്വീകരിക്കണം

“Directly Credited By Bank” എന്ന ഇനത്തിൽ 12348/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയ്യതി | തുക |
|---|---|
| ടി.ഡി.സി.ബി തനത് | 11443 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് | 905 |
| ആകെ | 12348 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നെങ്കിലും ഈ തുകകൾ മേൽ രീതിയിൽ പരിഗണിക്കാതെ വാർഷിക കണക്കുകൾ അന്തിമമാക്കിയതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

1-10-21 IDBI ബാങ്ക് അക്കൗണ്ട് പലിശ തുക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്

IDBI ബാങ്കിൽ 31/3/22 ൽ 7 രൂപ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ ബാങ്ക്

ബുക്കിലും 31/3/22-ലെ ബാങ്ക് റീ കൺസീലിയേഷൻ പത്രിക പ്രകാരവും ഈ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഇല്ല. 2022-23 ബാങ്ക് ബുക്കിൽ നീക്കിയിരിപ്പ് ക്രമീകരിക്കേണ്ടതാണ്.

1-10-22 സി.എഫ്.സി ഗ്രാന്റ്-ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടിലെ 31/3/22 ലെ നീക്കിയിരിപ്പ് തുകയും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 509,660 | 450240111 | ICICI_CFC_PFMS-(021701002231) | 2,230,334 |
| 2 | 320200113 | Development Fund - Central Finance Commission Grant - Tied Fund | 1,537,212.00 | | | |
| | | | 2046872 | | | 2,230,334 |

മാർച്ച് 2022-ൽ പൂർത്തിയായ പ്രവൃത്തികളുടെ തുകകൾ കരാറുകാർക്ക് നല്കുകയും എന്നാൽ ആയതിൽ നിന്നുള്ള റിക്കവറി തുകകൾ ഏപ്രിലിൽ മാത്രമാണ് നല്കിയതെന്നും പൂർത്തിയായ തുകകളുടെ ഗ്രോസ് തുക ബാധ്യത ശീർഷകത്തിൽ നിന്നും മാറ്റിയതിനാലാണ് ഇപ്രകാരം വ്യത്യാസം വന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ റിക്കവറി തുകകൾ യഥാർത്ഥത്തിൽ അടവാക്കുമ്പോൾ മാത്രമേ ആ തുകകൾ ബാധ്യതയിൽ നിന്ന് കുറവ് ചെയ്യേണ്ടതുള്ളൂ.

1-10-23 വികസനഫണ്ട് (ടി.എസ്.പി)- സർക്കാർ , വികസനഫണ്ടിൽ നിന്ന് കുറവ് ചെയ്ത തുകയ്ക്ക് പ്രോജക്റ്റ് തയ്യാറാക്കുകയോ കണക്കുകളിൽ വരുമാനമായും വായ്പ തിരിച്ചടവായും രേഖപ്പെടുത്തുകയും ചെയ്തില്ല

സർക്കാർ ഉത്തരവ് (സാധാ)22/2022/ധന. തീ. 1/1/22 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട് അനുവദിച്ച ഉത്തരവിന്റെ ഷെഡ്യൂളിൽ ക്രമനമ്പർ 539 പ്രകാരം വേളൂക്കര ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള 40000/- രൂപ ടി.എസ്.പി വിഹിതത്തിൽ നിന്നും ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ 11698/- രൂപ കുറവ് ചെയ്ത് 28302/- രൂപയാണ് അലോട്ട്മെന്റ് നല്കിയിട്ടുള്ളത്. ആയതിന് സ്ഥാപനം പ്രോജക്റ്റ് തയ്യാറാക്കിയിട്ടില്ല. ടി.എസ്.പി വിഹിതം ഇനത്തിൽ 28302/- രൂപ വരുമാനമായോ അത്രയും തുക വായ്പ തിരിച്ചടവായോ രേഖപ്പെടുത്താത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂളിൽ വായ്പ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയിനത്തിൽ 28302/- രൂപ കൂടുതൽ കാണുന്നു. ആയത് 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

**1-10-24 ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം/വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന സംസ്ഥാന വിഹിതം എന്നിവ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ സാങ്കല്പിക വരുമാനം, ചെലവ് എന്നിവ രേഖപ്പെടുത്തി വരുന്നു**

ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം/വകുപ്പുകൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നല്കുന്ന സംസ്ഥാന വിഹിതം എന്നിവ പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തുന്നതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ സാങ്കല്പിക വരുമാനം, ചെലവ് എന്നിവ രേഖപ്പെടുത്തി വരുന്നു.

ഉദാഹരണത്തിന് ഫിഷറീസ് ഇൻസ്പെക്ടർ സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും പ്രോജക്റ്റ് നമ്പർ 111 (വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി) ന് ഗുണഭോക്താക്കൾക്ക് നല്കിയതായ 49,200 രൂപ ജേണൽ വൗച്ചർ നമ്പർ 42100811 തീയ്യതി 31/3/22 പ്രകാരം "160100652-Other Schemes"ശീർഷകത്തിൽ വരുമാനമായും "250130314 Inland Pisciculture-Aquastores"ശീർഷകത്തിൽ ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ രേഖപ്പെടുത്തലിന് ആധികാരികമായ വൗച്ചർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥൻ ഓൺലൈൻ ആയി നല്കുന്ന റിക്വസ്റ്റ് മാത്രമാണ് ഈ രേഖപ്പെടുത്തലിന് ആധാരം. സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും ഡിപ്പാർട്ട്മെന്റ് മുഖേന നേരിട്ട് ചിലവഴിച്ച ഈ തുകയുടെ കൃത്യത പഞ്ചായത്ത് തലത്തിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ്. എന്നാൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ചെലവ് പഞ്ചായത്തിന്റെ വരുമാനവും ചെലവുമായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മറ്റൊരുദാഹരണം- വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്റ്റ് 116 (കന്നുകുട്ടി പരിപാലനം) ൽ ഗുണഭോക്താക്കൾക്ക് വികസനഫണ്ടിൽ നിന്നും നല്കിയതായ 6,25,000/- രൂപ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള യഥാർത്ഥ ചെലവ്. എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന 12,50,000/- രൂപ ജേണൽ വൌച്ചർ നമ്പർ 42100797തീയ്യതി 30/3/22 പ്രകാരം "160102601-Beneficiary Contribution Utilised "ശീർഷകത്തിൽ വരുമാനമായും "250110006-Calf-Special Livestock Protection " ശീർഷകത്തിൽ ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന് പുറമെ സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും ഡിപ്പാർട്ട്മെന്റ് മുഖേന നേരിട്ട് ചിലവഴിച്ച 6,25,000 രൂപയും ജേണൽ വൗച്ചർ നമ്പർ 42100799തീയ്യതി 30/3/22 പ്രകാരം "160100744 -State Sponsored Schemes- Others Utilised "ശീർഷകത്തിൽ വരുമാനമായും "250110006 -Calf-Special Livestock Protection " ശീർഷകത്തിൽ ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു.

ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതിന്റെ ആധികാരികമായ ചെലവ് കണക്കാക്കാനോ ആയതിന്റെ വൗച്ചർ, രേഖകൾ എന്നിവ സൂക്ഷിക്കാനോ പഞ്ചായത്തിന് സാധിക്കുന്നതല്ല. പ്രോജക്റ്റ് തയ്യാറാക്കുന്ന വേളയിലുള്ള ഏകദേശ കണക്കിനെ അടിസ്ഥാനമാക്കി നിർവ്വഹണോദ്യഗസ്ഥൻ പ്രോജക്റ്റ് പൂർത്തിയായ ശേഷം ഓൺലൈൻ ആയി നല്കുന്ന റിക്വസ്റ്റ് ആണ് ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുക രേഖപ്പെടുത്തലിന് ആധാരം. ഇതിന് പുറമെ സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും ഡിപ്പാർട്ട്മെന്റ് മുഖേന നേരിട്ട് ചിലവഴിച്ച ഈ തുകയുടെ കൃത്യത പഞ്ചായത്ത് തലത്തിൽ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതാണ്. എന്നാൽ ഇവ രണ്ടും പഞ്ചായത്തിന്റെ വരുമാനവും ചെലവുമായി വാർഷികകണക്കിൽ ഉൾപ്പെടുന്നു. ഇപ്രകാരം ചെയ്തതിനാൽ, എസ്.എൽ.ബി.പി പ്രോജക്റ്റിന് പഞ്ചായത്ത് ചെലവഴിച്ചത് 6,25,000 മാത്രമായിരിക്കേ വാർഷികകണക്കിൽ 25,00,000 രൂപ വരുമാനമായും ചെലവായും രേഖപ്പെടുത്തിയിരിക്കുന്നു.

സ്ഥാപനത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതിന് അക്കൗണ്ടിംഗ് തത്വങ്ങളും നയങ്ങളും സർക്കാർ ഉത്തരവ് 152/2011 തീ. 26.07.2011 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിൽ മേൽ രീതിയിൽ സാങ്കല്പികമായ തുകകളുടെ രേഖപ്പെടുത്തലുകൾ നടത്താൻ നിർദ്ദേശമില്ലാത്തതാണ്. മേൽ തുകകളൊന്നും തന്നെ പഞ്ചായത്തിൽ ഗുണഭോക്താക്കൾ അടക്കുന്നതു മൂലം ലഭിക്കുന്ന/ലഭിച്ച തുകയോ, പഞ്ചായത്തിന് അക്രൂ ചെയ്ത തുകയോ, പഞ്ചായത്തിന് വേണ്ടി ഒരു കക്ഷി മൂന്നാം കക്ഷിക്കുവേണ്ടി നൽകുന്ന തുകയോ അല്ല. പഞ്ചായത്ത് നൽകുന്ന സബ്സിഡി തുകയിലൂടെ ഗുണഭോക്താവ് ആർജ്ജിക്കുന്ന ആസ്തിയുടെ മൂല്യം/ചെലവിന്റെ മൂല്യം, ഡിപ്പാർട്ട്മെന്റ് ചെലവഴിച്ച തുക എന്നിവ പഞ്ചായത്തിന്റെ വാർഷികകണക്കിൽ ചേർക്കുന്നതിനാൽ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക യിൽ സാങ്കല്പിക വരുമാനവും ചെലവും രേഖപ്പെടുത്തുന്നു. ഇപ്രകാരം വാർഷികകണക്കുകളിലെ തുകകൾ സ്ഥാപനത്തിന്റെ യഥാർത്ഥപ്രവർത്തനം വെളിപ്പെടുത്തുന്നതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതായി ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-10-25 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - ശീർഷകങ്ങളിൽ വ്യത്യാസം

വേളൂക്കര ഗ്രാമപഞ്ചായത്ത് 05/9/21 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 06/9/21 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ. 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. Opening Balance Sheet

05/09/21-ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-10-26 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ ചേർക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 202797285 |
| ആകെ ചെലവ് (B) | | 197761673 |
| മിച്ചം തുക C = A-B | | 5035612 |
| Prior Period Income | 324284 | |
| Prior Period Expenditure | (83952) | |
| Net Difference Between Prior Period Income And Expenses (D) | | 408236 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) = C+D | | 5443848 |

എന്നാൽ ഫോർമുല പ്രകാരം (E) = C-D എന്ന് ചേർത്തിട്ടുള്ളതിനാൽ 5035612 ൽ നിന്നും 408236 കുറച്ചപ്പോൾ ലഭിച്ച 5275944/- രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22-ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 5443848/- രൂപ തന്നെയാണ്.

| | |
|---|---|
| 31/3/21 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 27775729.30 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D | 5443848 |
| 31/3/22-ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 33219577.30 |

(കുറിപ്പ് - Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 324284/- രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച അപാകതകൾ IKM-ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

### 1-10-27 Trial Balance ൽ ഉൾപ്പെടാത്ത ലെഡ്ജർ അക്കൌണ്ടുകളുടെ നീക്കിയിരിപ്പ് Income & Expenditure ൽ കാണുന്നു

Trial Balance-ൽ ഉൾപ്പെടാത്ത ലെഡ്ജർ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് Income & Expenditure-ൽ ചേർത്തു കാണുന്ന ആയത് താഴെ ചേർക്കുന്നു.

| ശീർഷകം | തുക |
|---|---|
| 290500101-Prior Period Expenses-Tax Remission And Refund -Property Tax On Residential Buildings | (10248) |
| 290500102-Prior Period Expenses-Tax Remission And Refund -Profession Tax Inst./traders | (57140) |

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട ഇത്തരം അപാകതകൾ IKM മായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

### 1-11 വരവ് തുക വരുമാനശീർഷകത്തിൽ ചേർത്തിട്ടില്ല

വാർഡ് 18 ലെ അംഗൻവാടി നം. 62, മഹിളാ സമാജം പി.എച്ച്.സി സബ് സെന്റർ എന്നിവ പൊളിച്ച ഇനത്തിൽ 75050 + 13510 (ജി.എസ്.ടി) = 88560/- രൂപ ലേല തുക ലഭിച്ചിട്ടുണ്ട്. ആയതിൽ 38000/- രൂപ 340200102-Auction Deposit എന്ന ബാധ്യതാ ശീർഷകത്തിലാണ് വരവു വെച്ചിട്ടുള്ളത്. ടി തുക തൻവർഷ വരുമാനമായി ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/ 12.01.2023)

### 1-12 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല

ഫാക്ടറി-വ്യാപാര-മറ്റ് സംരംഭക ലൈസൻസ് നൽകിയിട്ടുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പർ | ഉടമ |
|---|---|---|---|
| 1 | റിലയൻസ് ഡെന്റൽ ലബോറട്ടറി | XIII/ 114 A | പോൾ പി.ഒ. പെരേപ്പാടൻ |
| 2 | ക്വാളിറ്റി ഡെന്റൽ ലാബ് | VI/ 229 E | ലിന്റോഷ് ജോർജ് കാട്ടുകുറ്റി പറമ്പിൽ |
| 3 | മദർ ലബോറട്ടറി | XVI/ 246 | സ്മിത കെ.സി., ഇടശ്ശേരി |
| 4 | ടെക് മെഡിലാബ് | XIII/ 647 B | ആൻസിമോൾജോർജ് ചിറയത്ത് |
| 5 | ബി.എം. ലബോറട്ടറീസ് | V/ 35 C | ബിന്ദു ഡേവിസ് അരിമ്പൂർ |
| 6 | യൂണികെയർ ലാബ് | XII/ 18M | ഇന്ദു സുരേഷ് കണ്ണത്ത് വീട് |
| 7 | ഡെന്റൽ ലാബ് | XIII/259 | സെലീന ജോസ്, പെരേപ്പാടൻ |

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം. 11/09.01.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്- വകുപ്പ് 270 പ്രകാരം രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

മേൽ സ്ഥാപനങ്ങൾക്ക് സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചെയ്തത് ഉറപ്പുവരുത്തി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-13 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്

A) വെറ്റിനറി സർജൻ നല്കിയ രേഖകൾ പ്രകാരം താഴെ ചേർക്കുന്ന വ്യക്തികളുടെ ഉടമസ്ഥതയിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി ഫാമുകൾ 2012 ലെ കേരള പഞ്ചായത്ത് രാജ്

(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) – ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | ഉടമ | വാർഡ് |
|---|---|---|
| 1 | ഷൈജു പനമ്പിള്ളി | 16 |
| 2 | സുമതി സുകുമാരൻ കദളിക്കാട്ടിൽ | 5 |
| 3 | വിദ്യാസാഗർ ചെറിയോൽ | 9 |
| 4 | രഘുനാഥ് മാടശ്ശേരി | 15 |
| 5 | സജീവൻ തേറാട്ടിൽ | 16 |
| 6 | ഷാബു ചെറിയോൽ | 4 |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) – ചട്ടം 3 പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതൽ എണ്ണം കന്നുകാലികളെ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുള്ളതോ ആയ ലൈവ്സ്റ്റോക്ക് ഫാം നടത്തുന്നതിന് സെക്രട്ടറി ലൈസൻസ് നല്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നല്കിയതിന് മേൽ സൂചിപ്പിച്ചിട്ടുള്ള 6 വ്യക്തികളുടെ പേരിലും ലൈസൻസ് അനുവദിച്ചിട്ടില്ലെന്നും ടി ഫാമുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) – ചട്ടം 3 പ്രകാരം ഫാം എന്ന ഗണത്തിൽപ്പെടുന്നവയാണെങ്കിൽ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്.

B) കൂടാതെ വാർഡ് 2/533 A കെട്ടിട നമ്പറായി 2021-22 ൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള ടോണി സി.പി. & ജെസി ടോണി എന്നവരുടെ ഉടമസ്ഥതയിലുള്ള കന്നുകാലി ഫാമിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടോയെന്ന എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടത്തിന് നമ്പറിടാനുള്ള അപേക്ഷയോടൊപ്പം (തീയതി 16.12.21) 100ൽ താഴെ കോഴികളും 5 പോത്തുകളും 19 ആടുകളും 14 മുയലുകളും വളർത്തുന്നുണ്ടെന്ന് സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) – ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ആവശ്യമായ എല്ലാ ലൈവ്സ്റ്റോക്ക് ഫാമുകൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18/ 12.01.2023)

## 1-14 കെട്ടിടനിർമ്മാണം ക്രമവത്കരണം-രേഖകൾ ഹാജരാക്കേണ്ടതാണ്

വേളൂക്കര വില്ലേജ് – 309/3-26, 209/3-37 സർവ്വേനമ്പറുകളിൽ ഉൾപ്പെട്ട ടോണി സി.പി. & ജെസി ടോണി എന്നവരുടെ ഉടമസ്ഥതയിലുള്ള 294.84 ച.മീ. വിസ്തീർണമുള്ള കന്നുകാലി ഫാം, 32.66 ച.മീ. വിസ്തീർണമുള്ള താമസകെട്ടിടം എന്നീ നിർമാണങ്ങൾ ക്രമവത്കരിക്കുന്നതിന് 07.12.21-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം KPBRറൂൾ 8(xiv) പ്രകാരം വ്യവസായിക ആവശ്യത്തിനുള്ള ഒക്യുപൻസി അനുവദിക്കാമെന്നും ബയോഗ്യാസ്/ഗോബർഗ്യാസ് പ്ലാൻറ് എന്നിവ വ്യവസ്ഥ ചെയ്യേണ്ടതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടി വ്യവസ്ഥ ഉറപ്പുവരുത്തിയ രേഖകൾ ഹാജരാക്കേണ്ടതാണ്. ഫാമിന് ലൈസൻസ് നല്കിയതിന്റെ വിവരങ്ങളും കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ അനുമതി സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി നൽകിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 21/ 12.01.2023)

## 1-15 ഫയലുകൾ ഹാജരാക്കിയിട്ടില്ല

I) 2021-22 വർഷത്തെ വാർഷികകണക്ക പ്രകാരം താഴെ ചേർക്കുന്ന ഇനങ്ങളിൽ വരവുണ്ട്. ആയതിന്റെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. മരം ലേലം – 40000/ രൂപ

2. സ്ക്രാപ്പ് ലേലം - 6500/- രൂപ

ഫയലുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

II) 01.07.21-ലെ 5(1) നം. തീരുമാന പ്രകാരം കസ്തൂർബാ അംഗൻവാടി കോമ്പൗണ്ടിലുള്ള മട്ടിമരം ലേലം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി നൽകിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 17/ 12.01.2023)

## 1-16 ബിൽഡിങ്ങ് റഗുലറൈസേഷൻ -തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ഇല്ല

1. ഫയൽ നമ്പർ-400731/BABCO3/GA/2021/158

യോഹന്നാൻഅന്പൂക്കൻ

വാർഡ്17

21.7.22 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്തു നൽകി. തുടർ നടപടി വിവരം ഫയലിൽ ഇല്ല.

2. ഫയൽ നമ്പർ-SC3-1337/21/9.11.21

ജോസഫ്, കല്ലറക്കൽ, നടവരമ്പ്

25.11.21 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്തു നൽകി. തുടർ നടപടി വിവരം ഫയലിൽ ഇല്ല.

3.ഫയൽ നമ്പർ-SC3-1898/21/7.12.21

പ്രിൻസി ജോയ്

ചിറ്റിലപ്പിള്ളി

എരിഞ്ഞോരി റോഡ്

വാർഡ്-12

9.12.21 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്തു നൽകി .തുടർ നടപടി വിവരം ഫയലിൽ ഇല്ല.

4.ഫയൽ നമ്പർ-SC3-1933/21/8.12.21

പ്രതീഷ് കാരയിൽ

നടവരമ്പ്

7.6.22 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്തു നൽകി .തുടർ നടപടി വിവരം ഫയലിൽ ഇല്ല.

5.ഫയൽ നമ്പർ-എ3-2313/21//8.3.21

പ്രവീൺ എടച്ചാലി

നടവരമ്പ്

എ3-2313/21/27.6.21 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്തു നൽകി .തുടർ നടപടി വിവരം ഫയലിൽ ഇല്ല.

6.ഫയൽ നമ്പർ-എ3-4906/30.7.21

ശിവശങ്കരൻ,

പടിഞ്ഞാക്കര വീട്ടിൽ

അവിട്ടത്തൂർ

എ3-4906/3.9.21 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്തു നൽകി .തുടർ നടപടി വിവരം ഫയലിൽ ഇല്ല.

7. ഫയൽ നമ്പർ-എ3-4412/8.7.21

കോമളം, ചോലി പറമ്പിൽ

അവിട്ടത്തൂർ

വാർഡ്7

എ3-4412 /21 തീ.20.7.21 പ്രകാരം ന്യൂനതകൾ ചൂണ്ടിക്കാട്ടി കത്ത് നൽകി. തുടർ നടപടി വിവരം ഫയലിൽ ഇല്ല.

അപേക്ഷകർ യഥാസമയം ഫയൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിച്ചിട്ടില്ലാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ വകുപ്പ് പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-24/13.1.23)

## 1-17 ബിൽഡിങ്ങ് പെർമ്മിറ്റ്-മൈനിങ്ങ് ആന്റ് ജിയോളജി സാക്ഷ്യപത്രം നൽകിയില്ല

താഴെ പറയുന്ന പെർമ്മിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ഡെവലപ്മെന്റ് പെർമ്മിറ്റ്, ബിൽഡിങ്ങ് പെർമിറ്റ് എന്നിവ അനുവദിച്ചിട്ടുണ്ട്. ഉടമസ്ഥന് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിങ്ങ് ആന്റ് ജിയോളജിയിൽ നിന്ന് ട്രാൻസിറ്റ് പാസ് അനുവദിച്ചിട്ടുണ്ട്. ജില്ലാ ജിയോളജിസ്റ്റിന്റെ ഉത്തരവിൽ സാധാരണ മണ്ണ് നീക്കം ചെയ്തത് അനുവദിച്ച സ്ഥലത്തുനിന്നും അളവിലും ആണെന്ന് ഉറപ്പു വരുത്തി ഭൂവികസന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രത്തോടൊപ്പം മൈനിങ്ങ് ആന്റ് ജിയോളജി ഓഫീസിനെ അറിയിക്കേണ്ടതാണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ ഫയലിൽ ഇത് സംബന്ധിച്ച രേഖ ഇല്ല. വിശദാംശം താഴെ ചേർക്കുന്നു.

1.ജിബിൻ ജെയിംസ്

പാനിക്കുളങ്ങര

വേളൂക്കര

വാർഡ്-4

2. മണികണ്ഠൻ

കണ്ടാണത്ത്

വാർഡ് -4

മേൽ ഫയലുകളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഒരു വർഷത്തിനുള്ളിൽ ഉടമസ്ഥർ കെട്ടിടത്തിന്റെ അടിത്തറ പണി എങ്കിലും പൂർത്തീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയവും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-25/13.1.2023).

## 1-18 ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് സർക്കാർ ഉത്തരവിനനുസൃതമല്ലാതെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നു

ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നത് സർക്കാർ ഉത്തരവിന് അനുസൃതമല്ല. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജിനത്തിൽ വാർഷികകണക്ക് പ്രകാരം, 2021-22 വർഷത്തിൽ 4,50,143/- രൂപാ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.1275/09 ത.സ്വ.ഭ.വ., 30-5-09-ലെ നിർദ്ദേശപ്രകാരം കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ തുടർനടത്തിപ്പിനായി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്. ജനറൽ വിഭാഗം കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ് ഗുണഭോക്തൃസമിതി തന്നെ അടവാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ജനറൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജും തനത് ഫണ്ടിൽ നിന്ന് തന്നെയാണ് അടവാക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത ചെലവാകയാൽ ഇക്കാര്യത്തിൽ സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വീട് വയറിങ്ങ് (പട്ടികജാതി) - സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പാലിച്ചിട്ടില്ല. 90000/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നമ്പർ-97/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ, നടവരമ്പ്

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 22/27.10.21 | 9000 |

| | | |
|---|---|---|
| 2 | 25/10.11.21 | 9000 |
| 3 | 31/06.11.21 | 9000 |
| 4 | 63/24.03.22 | 18000 |
| 5 | 65/24.3.22 | 18000 |
| 6 | 67/26.3.22 | 9000 |
| 7 | 69/30.03.22 | 18000 |

വീട് വയറിങ്ങ് (പട്ടികജാതി) പദ്ധതിക്കായി 10 ഗുണഭോക്താക്കൾക്ക് 9000/- രൂപ നിരക്കിൽ 90000/- രൂപ സബ്സിഡി നൽകി. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1.സ.ഉ.(കൈ) നം.22/18/ത.സ്വ.ഭ.വ തീ. 14.02.2018 ഖ.6.7(2) പ്രകാരം 3 പോയിന്റ് വയറിങ്ങ് നടത്തിയിട്ടുണ്ടെന്ന് വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തണം. സാക്ഷ്യപ്പെടുത്തിയതിന്റെ രേഖ ഫയലിൽ ഇല്ല.

2. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിങ്ങ് സാമഗ്രികൾ ഉപയോഗിച്ച് വേണം പ്രവൃത്തി പൂർത്തീകരണം. സ്പെസിഫിക്കേഷൻ പ്രകാരം പൂർത്തീയാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം. ഉപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ മാർക്ക് ഉള്ളതായിരിക്കണം. ഈ കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനാവശ്യമായ യാതൊരു രേഖകളും ഫയലിൽ ഇല്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 90000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 വീട് വാസയോഗ്യമാക്കൽ - എസ്.സി.പി -പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 94/22

നിർവ്വഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ,നടവരമ്പ്.

വീട് വാസയോഗ്യമാക്കൽ – എസ്.സി.പി

താഴെ പറയുന്ന ഗുണഭോക്താക്കൾ ഒരു ഗഡു തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം തഴെ ചേർക്കുന്നു.

1. രതി ഷാജു, തോട്ടത്തിൽ – കൈപ്പറ്റിയ തുക – 30000/- രൂപ

2.തിലകൻ കരിമ്പനക്കൽ – കൈപ്പറ്റിയ തുക – 30000/- രൂപ

പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമ്മാണം എസ്.സി പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 87/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – നടവരമ്പ്

സിമി സജീവൻ, എന്ന ഗുണഭോക്താവ് 300000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ആശ്രയ വീട് വാസയോഗ്യമാക്കൽ - എസ്.സി -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 95/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – നടവരമ്പ്

കാളിക്കുട്ടിയമ്മ വേലായുധൻ, പേട്ടയിൽ എന്ന ഗുണഭോക്താവ് 40000/- രൂപ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്കായി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 വീട് വാസയോഗ്യമാക്കൽ - ജനറൽ - പണി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 82/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – കൊറ്റനല്ലൂർ

താഴെ പറയുന്ന ഗുണഭോക്താക്കൾ ഒരു ഗഡു തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശം തഴെ ചേർക്കുന്നു.

1.ഷിബുമോൻ.പി.എ, പറമ്പത്ത്, വാർഡ് 3 – കൈപ്പറ്റിയ തുക – 25000/- രൂപ

2.സുരേഷ് കെ.ആർ, കദളിക്കാട്ടിൽ, വാർഡ് 5 – കൈപ്പറ്റിയ തുക – 25000/- രൂപ

നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 ലൈഫ് (ജനറൽ) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ – 162/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – കൊറ്റനല്ലൂർ

ശശിധരൻ, കോലഴി, കല്ലംകുന്ന് നടവരമ്പ് എന്ന ഗുണഭോക്താവ് 300000/- രൂപ ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ആശ്രയ വീട് വാസയോഗ്യമാക്കൽ -ജനറൽ -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 83/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – കൊറ്റനല്ലൂർ

പങ്കജാക്ഷി, ശ്രീനാരായണപുരം, തുമ്പൂർ, വാർഡ് 12 എന്ന ഗുണഭോക്താവ് 40000/- രൂപ വീട് വാസയോഗ്യമാക്കൽ പ്രവൃത്തിക്കായി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 വനിതകൾക്ക് സ്വയം തൊഴിലിന് സബ്സിഡി-സ്ഥാപനം പ്രവർത്തിക്കുന്നില്ല

പദ്ധതി നമ്പർ – 163/22

നിർവ്വഹണ ഉദ്യോഗസ്ഥ – വി.ഇ.ഒ – കൊറ്റനല്ലൂർ

ബിൽ നമ്പർ – 3/14.9.2021 – 50000/-

വനിതകൾക്ക് സ്വയം തൊഴിലിന് സബ്സിഡി പദ്ധതി പ്രകാരം ജോയ്സി ജോയ്, ചിറ്റിലപ്പിള്ളി എന്ന വ്യക്തിക്ക് 50000/- രൂപ ബാക്ക് എൻഡഡ് സബ്സിഡി ആയി കാനറ ബാങ്കിലേക്ക് നൽകി. 70000/- രൂപ വായ്പ ആയി ബാങ്ക് അനുവദിച്ചിരുന്നു. ജോയ്സ് ബേക്കേഴ്സ് എന്ന കേക്ക് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് സബ്സിഡി അനുവദിച്ചത്. പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിന് ലൈസൻസ് (21-22 & 22-23) അനുവദിച്ചിട്ടില്ല. 11.1.2023 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് കാണുകയുണ്ടായി. 10.1.2023-ൽ ടിയാൾ ലോൺ ക്ലോസ് ചെയ്തിട്ടുണ്ട്. സബ്സിഡി തുക ആയത് നൽകിയ ആവശ്യത്തിന് ഉപയോഗിക്കാത്ത പക്ഷം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പദ്ധതി നമ്പർ – 116/22

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

വൗച്ചർ നമ്പർ – 22100955/29.10.2021 – 625000/- രൂപ

കന്നുകുട്ടി പരിപാലന പദ്ധതിക്കായി എസ്.എൽ.ബി.പി-ക്ക് 625000 രൂപ കൈമാറിയിട്ടുണ്ട്. പദ്ധതിക്ക് തീറ്റ വിതരണം ചെയ്യുന്ന സൊസൈറ്റിയുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ ജോഷി, കടവി ഹൗസ് എന്ന വ്യക്തി പദ്ധതിയിൽ നിന്നും തീറ്റ മുഴുവൻ കൈപ്പറ്റാതെ വിട്ടുപോയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാത്തതിനാൽ എസ്.എൽ.ബി.പി-യിൽ നിന്ന് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ടി വ്യക്തിക്കായി നൽകിയ സബ്സിഡി തുകയുടെ ബാലൻസ് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-28 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

പദ്ധതി നമ്പർ – 106/22

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി

വൗച്ചർ നമ്പർ – 22101005/29.12.21 – 99923/-

വൗച്ചർ നമ്പർ - 22100437/31.12.21 - 149909/-

പാലിയേറ്റീവ് കെയർ പദ്ധതിക്കായി യഥാക്രമം 99923/- രൂപ, 149909/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയതിൽ 1537, 29006 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ആശുപത്രി മാനേജിങ്ങ് കമ്മറ്റി - കണക്കുകൾ ഹാജരാക്കിയിട്ടില്ല

വേളൂക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 25.7.2007-ന് ആശുപത്രി മാനേജിങ്ങ് കമ്മറ്റി നിലവിൽ വന്നിട്ടുണ്ട്. 2008-09 വർഷത്തെ കണക്കുകൾ വരെ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. തുടർന്നുള്ള വർഷങ്ങളിലെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-30 തനത് ഫണ്ട് - പ്രോജക്റ്റിലെ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നു

സർക്കാർ ഉത്തരവ് 88/2018/ധന, തീയതി 11.06.2018, ഖണ്ഡിക 4, 5.3 എന്നിവ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഉൾപ്പെടെ നേരിട്ട് ഗുണഭോക്താവിലേയ്ക്ക് നല്കണമെന്ന് നിർദ്ദേശമുള്ളതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 34(2) പ്രകാരവും, പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന രീതിയിൽ തുക കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 27.01.2017 തീയതിയിലെ സർക്കുലർ നമ്പർ, 06/2017/ധന പ്രകാരവും പരമാവധി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നല്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നിർവ്വഹണോദ്യഗസ്ഥർ അലോട്ട്മെന്റ് ആവശ്യപ്പെടുന്ന തുക, പ്രസിഡണ്ട് /സെക്രട്ടറി എന്നവർ അധികൃതമാക്കി, ബിൽ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നുണ്ട്. എന്നാൽ സെക്രട്ടറി സൂക്ഷിക്കുന്ന തനത്ഫണ്ട്, തനത് ഫണ്ടിൽ നിക്ഷേപിച്ച മറ്റ് ഗ്രാന്റ് എന്നിവയിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥർ അലോട്ട്മെന്റ് ആവശ്യപ്പെടുന്ന തുക, പ്രസിഡണ്ട് /സെക്രട്ടറി എന്നവർ അധികൃതമാക്കി നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റുന്നതിനായാണ് ഫോം TR 59 E തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്നതെങ്കിലും സെക്രട്ടറി തുക നല്കുന്നത് നിർവ്വണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേയ്ക്കാണ് (ഉദാഹരണം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), അസിസ്റ്റന്റ് എഞ്ചിനീയർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ). നിർവ്വഹണോദ്യോഗസ്ഥൻ പിന്നീട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക മാറ്റുകയാണ് ചെയ്യുന്നത്. ഇത് നേരിട്ട് ഗുണഭോക്താക്കൾക്ക് തുക നല്കുകയെന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. സർക്കാർ ഉത്തരവിനും നിർദ്ദേശങ്ങൾക്കും വിരുദ്ധമായും നിർവ്വഹണോദ്യോഗസ്ഥന്റെ റിക്വസിഷനിൽ ആവശ്യപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് മാറ്റാതെ, നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്ക് തുക മാറ്റുന്നത് ശരിയല്ല. നിർവ്വഹണോദ്യോഗസ്ഥന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റിയിടുമ്പോൾ തന്നെ, ഈ തുക വാർഷികകണക്കിലും പ്ലാൻ ചെലവ് തയ്യാറാക്കുന്ന സുലേഖ സോഫ്റ്റ്വെയറിലും ചെലവായി രേഖപ്പെടുത്തുന്നു. എന്നാൽ യഥാർത്ഥത്തിൽ, തുക നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് തുക നല്കിയത് നിരീക്ഷിക്കുന്നതിന് സംവിധാനമില്ലാത്തതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കുറിപ്പ്-31/3/22-ൽ നിർവ്വഹണോദ്യോഗസ്ഥരുടെ സ്പെഷൽ ടി.എസ്.ബി.യി-ലെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | നീക്കിയിരിപ്പ് |
|---|---|

| | |
|---|---|
| കൃഷി ഓഫീസർ | 9856 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6890 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8934 |

## 1-31 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ് - ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി

22-9-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2878/2015/ത.സ്വ.ഭ.വ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 18/2019/fin/1-3-2019, സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി.എസ്.ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയ്ക്ക് പകരം എസ്റ്റിമേറ്റ്+12% ജി.എസ്.ടി തുകയുടെ 4% ആണ് നൽകിയിരിക്കുന്നത്. ഇപ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | എസ്റ്റിമേറ്റ് തുക | 12% ജി.എസ്.ടി അടക്കമുള്ള എസ്റ്റിമേറ്റ് തുക | 4% പ്രതിഫലം നൽകാവുന്നത് | നൽകിയത് | അധികം നൽകിയത് | തുക നൽകിയതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 231/22, പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഇലക്ട്രിഫിക്കേഷൻ | 255431.87 | 286083.69 | 10217.2 | 11443.35 | 1226 | ശ്രീ. ഗോപിനാഥൻ, വൗച്ചർ നം. 22100843, Dt.29.3.22, Amt.228947/ |
| 232/22, പഞ്ചായത്ത് കോൺഫറൻസ് ഹാൾ ശീതീകരിക്കൽ | 224333.20 | 254078.18 | 8973.3 | 10163.12 | 1190 | ശ്രീ. ഗോപിനാഥൻ, വൗച്ചർ നം. 22100864, Dt.30.3.22, Amt.211936/ |
| | | ആകെ | | | 2416 | |

## 1-32 പഞ്ചായത്ത് കോൺഫറൻസ് ഹാളിലെ ഇലക്ട്രോണിക് പ്രവൃത്തികൾ- പൂർത്തീകരണസാക്ഷ്യപത്രം,ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം. 233/22, പഞ്ചായത്ത് കോൺഫറൻസ് ഹാളിലെ ഇലക്ട്രോണിക് പ്രവൃത്തികൾ എന്ന പദ്ധതിയ്ക്കായി, പി.ഡബ്ല്യു.ഡി ഇലക്ട്രോണിക് ഡിവിഷൻ എക്സി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം, 200000/- രൂപ, വൗച്ചർ നം. 22100490, തിയതി 19-1-22 പ്രകാരം, ഡെപ്പോസിറ്റ് ആയി (ചലാൻ നം. KL-02-24189602122M, Dt. 10-1-22) പി.ഡബ്ല്യു ഇലക്ട്രോണിക്സ് ഡിവിഷനിലേക്ക് നൽകിയിട്ടുണ്ട്. പണി പൂർത്തിയാക്കിയെങ്കിലും, പൂർത്തീകരണസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ലഭിച്ച സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 27-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ്, 10/9/15-ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ, 10/9/15-ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും താഴെപ്പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ കരാറുകാരൻ ആയത് സമർപ്പിച്ചിട്ടില്ല.

1.

| | |
|---|---|
| പ്രൊജക്റ്റ് നം. | 238/22 |
| പ്രവൃത്തി | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം |
| അടങ്കൽ, ഫണ്ട് | 100000/തനതുഫണ്ട്<br>1500000/ ജില്ലാ പഞ്ചായത്ത് വിഹിതം |
| സാ. അനുമതി | LSGD/TS/21-22/2531/17/1/22 |
| കരാറുകാരൻ | കെ. കെ. ഷാജി |
| കരാർ | 101/AE/LSGD/VLK/21-22 /17/1/22 |
| അളവുപുസ്തകം | 181/16-17 |
| ബിൽ സാങ്ഷൻ നം., തുക/ ചെക്ക് നമ്പർ, തുക | 523/30/3/22, 1301873/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നം. | 305/21, 185/22 |
| പ്രവൃത്തി | പൊതുനൂചിറ നവീകരണം |
| അടങ്കൽ, ഫണ്ട് | 4080000/ അർബൻ ആഗ്ളോമെറൈസേഷൻ |
| സാ. അനുമതി | LSGD TS/20-21/126284 /30/10/20 |
| കരാറുകാരൻ | കെ. കെ. ഷാജി |
| കരാർ | 83/AE/LSGD/VLK/20-21/2/2/21 |
| അളവുപുസ്തകം | 180/16-17, 179/16-17 |
| ബിൽ സാങ്ഷൻ നം., തുക / ചെക്ക് നമ്പർ, തുക | JN 3292431/2/11/21, 2931588/<br>JN 3292434/27/3/22, 1147671/ |

3.

| | |
|---|---|
| പ്രൊജക്റ്റ് നം. | 145/22 |
| പ്രവൃത്തി | കാന നിർമാണം |
| അടങ്കൽ, ഫണ്ട് | 2220000/ സി.എഫ്.സി. ഗ്രാന്റ്<br>270000/ തനത് ഫണ്ട് |
| സാ. അനുമതി | LSGD/TS/21-22/103708 |

| | |
|---|---|
| | /18/12/21 |
| കരാറുകാരൻ | കെ. കെ. ഷാജി |
| കരാർ | 102/AE/LSGD/VLK/21-22 /10/2/22 |
| അളവുപുസ്തകം | 101/21-22 |
| ബിൽ സാങ്ഷൻ നം., തുക /ചെക്ക് നമ്പർ, തുക | 471/21/3/22, 1937956/ |

ഭാവിയിൽ പതിനഞ്ച് ലക്ഷത്തിന് മേൽ അടങ്കൽ വരുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിച്ച ശേഷം മാത്രം ബിൽ അനുവദിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 5/6/1/23).

## 1-34 കുഴിച്ചെടുത്ത മണ്ണ് ഫിൽ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 145/22 പ്രകാരമുള്ള കാനനിർമാണവുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത 109.01 ഘനമീറ്റർ മണ്ണ് അമ്പിപ്പാടം പൊതുമ്പചിറ ബണ്ട് റോഡ് ഫില്ലിങ് നടത്തുന്നതിനായി ഉപയോഗിച്ചു എന്ന് അളവുപുസ്തകം 101/21-22 നമ്പർ അളവുപുസ്തകം പേജ് 6 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇത്രയും മണ്ണ് ഫില്ലിങ് നടത്തുവാനായി ക്വൊട്ടേഷൻ നടത്തിയതിന്റെ വിവരം, മണ്ണ് നീക്കം ചെയ്തത് സംബന്ധിച്ച വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, നീക്കം ചെയ്ത മണ്ണിന്റെ അളവ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 14/11/1/2023, 19/12/1/23).

പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ | 2200000/ സി.എഫ്.സി. ഗ്രാന്റ് 270000/ തനതുഫണ്ട് |
| കാറുകാരൻ | കെ. കെ. ഷാജി |
| കരാർ | 102/AE/LSGD/VLK/21-22/10/2/22 |
| ബിൽ സാങ്ഷൻ നമ്പർ, തുക | 471/21/3/22, 1937956/- രൂപ |

മണ്ണ് ഫില്ലിങ് നടത്തിയത് സംബന്ധിച്ച് ആധികാരികമയ രേഖകൾ സഹിതമുള്ള സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പുപദ്ധതി പ്രവർത്തനം

സാമ്പത്തികവർഷം 237 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 161 പ്രൊജക്റ്റുകളാണ് പൂർത്തീകരിച്ചത്. 2999 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 825 കുടുംബങ്ങൾ തൊഴിലെടുത്തു. 347 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. പ്രധാനമായും നീർത്തട ഭൂവികസന പ്രവൃത്തികൾക്ക് ആണ് കൂടുതൽ തുക ചെലവിട്ടത്. ഇവക്കായി 14056856/- രൂപ ചെലവഴിച്ചു. കിണർ നിർമാണത്തിനായി 1169680/- രൂപയും ഭവനനിർമാണത്തിനായി 916650/- രൂപയും ചെലവഴിച്ചു. ആവിഷ്കരിക്കുന്ന പ്രൊജക്റ്റുകൾ മുഴുവൻ പൂർത്തീകരിക്കുവാനും തൊഴിൽ കാർഡ് എടുത്ത കുടുംബങ്ങൾക്ക് മുഴുവൻ തൊഴിൽ ലഭ്യമാക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ക്വാറി മക്ക് ഫില്ലിങ് - പ്രൈസ് സോഫ്റ്റ്‌വെയർ, തൊഴിലുറപ്പുപദ്ധതി നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ഈ ഇനത്തിനുള്ള നിരക്ക് 928.23/M3 ആണെന്നിരിക്കെ തൊഴിലുറപ്പുപദ്ധതിക്ക് ഈ ഇനത്തിന് 1514.015 എന്നിങ്ങനെ നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ. സ്ഥാപനങ്ങളിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് വലിയ അപാകതയാണ്. ആയതിനാൽ ആ അപാകത പരിഹരിക്കാൻ ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള 4/6/1/23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള

മറുപടിയിൽ തൊഴിലുറപ്പുപദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സെക്യുവർ സോഫ്റ്റ്‌വെയറിലാണെന്നും അപാകത പരിഹരിക്കുന്നതിന് ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. നിരക്കുകൾ തമ്മിലുള്ള അന്തരം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽകൊണ്ടുവന്നു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 ക്യാഷ് ബുക്ക് സമയബന്ധിതമായി എഴുതാത്തത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് എഴുതി ഹാജരാക്കി

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പുപദ്ധതി സംബന്ധിച്ച ക്യാഷ് ബുക്ക് 1/4/22 മുതൽ എഴുതി സൂക്ഷിച്ചിരുന്നില്ല. ഇക്കാര്യം 7/7/1/23 നമ്പർ ഓഡിറ്റ് എൻക്വയറിയിൽ സൂചിപ്പിച്ചത് പ്രകാരം അന്നേ ദിവസം തന്നെ എഴുതി തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കി. ക്യാഷ് ബുക്ക് സമയബന്ധിതമായി എഴുതി സൂക്ഷിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-38 വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് എഴുതി തയ്യാറാക്കിയിട്ടില്ല, മോണിറ്ററിങ് റിപ്പോർട്ട് ഭാഗികം

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്ന മാർഗരേഖ, സർക്കാർ ഉത്തരവ് (കൈ)11/18/ത.സ്വ.ഭ.വ. തിരുവനന്തപുരം തീയ്യതി 29/11/18-ലെ ഖണ്ഡിക 3-12 (13) അനുസരിച്ച് പദ്ധതികൾ ജില്ലാ ആസൂത്രണസമിതികൾ അംഗീകരിച്ചശേഷം വർക്കിങ് ഗ്രൂപ്പുകൾ മോണിറ്ററിങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്ന് നിർദേശിക്കുന്നുണ്ട്. പക്ഷേ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി, അസി. സെക്രട്ടറി, വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രൊജക്ടുകൾ ഒഴികെ ഒന്നിലും തന്നെ മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല.

സാമ്പത്തികവർഷം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് എഴുതി തയ്യാറാക്കിയിട്ടില്ല എന്ന് കണ്ടു. മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 3-12 (14) അനുസരിച്ച് അതതു വർക്കിങ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കേണ്ടത് ബന്ധപ്പെട്ട കൺവീനറുടെ ചുമതലയാണ്.

മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുവാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-39 വിവരാവകാശനിയമ രജിസ്റ്റർ, ഫയൽ എന്നിവ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല

വിവരാവകാശനിയമരജിസ്റ്ററും ഫയലും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. അപേക്ഷകൾ ക്രമനമ്പർ ഇട്ട് സൂക്ഷിച്ചിട്ടില്ല.

2. അപേക്ഷകളും മറുപടികളും ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല

3.10/21 മുതൽ 3/22 വരെയുള്ള അപേക്ഷകൾ, മറുപടികൾ എന്നിവ ഫയലിനൊപ്പം ഇല്ല.

4. ക്രമനമ്പർ 48, 50/20/10/21 മുതൽ 58/13/1/22 വരെയുള്ള അപേക്ഷകൾ, മറുപടികൾ എന്നിവ ഫയലിനൊപ്പം ഇല്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതും രേഖകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 29/13/1/23 ).

## 1-40 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 124 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 115 പ്രൊജക്ടുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞു (92.74%). മൊത്തം 62408238 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 4298516 രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (68.88%). കൂടുതൽ പ്രൊജക്ടുകൾക്കുവേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്. പരമാവധി തുക ചെലവഴിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-41 പ്രൈസ് സോഫ്റ്റ് വെയറിൽ അപാകത

7/5/19-ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്) 74/19 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ്

വെയറിൽ തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധിക തുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 5/6/1/23).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 തൻവർഷം സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളവയുടെ വിവരം

| | തുക നല്കിയ ഏജൻസി | പ്രോജക്റ്റിന്റെ വിവരങ്ങൾ | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 73/22 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ | 33712 | 0 | 33712 |
| 2 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 16/22, പാലിയേറ്റിവ് കെയർ | 150000 | 149909 | 91 |
| 3 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 77/22 ഭിന്നശേഷിയുള്ളവര്ക്ക് സ്കോളര്ഷിപ്പ് | 300000 | 0 | 300000 |
| 4 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 239/22 നടവരമ്പ് കോളനി കുടിവെള്ളം വാട്ടര് കണക്ഷൻ വാർഡ് 3 | 1000000 | 0 | 1000000 |
| 5 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 238/22 കമ്മ്യൂണിറ്റി ഹാൾ നവീകരണം | 1500000 | 1301873 | 198127 |
| 6 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 259/22 വഴക്കിലിച്ചിറ പുഞ്ചപ്പാടം തോട് സൈഡ് പ്രൊട്ടക്ഷൻ | 480000 | 0 | 480000 |
| | | | | | 2011930 |

### 4-2 തൻവർഷം ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്നവയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പി.ഡബ്ലി.യുഡി-ഇലക്ട്രോണിക്ക് ഡിവിഷൻ | പഞ്ചായത്ത് കോൺഫറൻസ് ഹാളിലെ ഇലക്ട്രോണിക് പ്രവൃത്തികൾ | 42100447 14/1/22 | 200000 | 0 | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC ലൈഫ് ലോൺ | ലഭ്യമല്ല | 4643868 | 2363271 | | 3700595 |
| | | 6063866 | | | |
| *ഖണ്ഡിക 1-10-23 കൂടി കാണുക. വികസനഫണ്ട് ടി.എസ്.പി ഇനത്തിൽ കുറവ് ചെയ്ത 28302 രൂപ കൂടി അടവാക്കിയ തുകയിൽ ഉൾപ്പെടുത്തിയാണ് ബാക്കി തുക കണക്കാക്കിയത്. ഈ തുക വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിൽ അടവാക്കാനുള്ള തുകയിനത്തിൽ 28302/- രൂപ കൂടുതൽ കാണുന്നു. (വാർഷിക കണക്കു പ്രകാരം 3728897/-) | | | | | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

(അവിട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 119-11, 1/12/21 ന് പുതുക്കി നിക്ഷേപിച്ചു)

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./ തിയ്യതി |
|---|---|---|---|---|
| 2020-21 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കിയ തുകകൾ | 2100 | -- | 121020101021 |
| | | 250 | ശ്രീ. അബ്ദുൾ കലാം, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | 121020101044 |
| | | 242 | -- | 121020101061 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.53.3 | 2006-07 | 3.53.3 | കുടിവെള്ള-ജലസേചന പദ്ധതികളുടെ തുടർ ചെലവുകൾ തനത്ഫണ്ടിൽ നിന്നും നൽകി | വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 2(1) | 2014-15 | 2(1) | തൊഴിൽനികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2(4) | 2015-16 | 2(1) | തൊഴിൽ നികുതി സംബന്ധിച്ച് | തുക ഈടാക്കിയിട്ടുണ്ട്. വിശദീകരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,85,391,24 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,96,98,221 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 90000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 90000 | അജിത പി. ബി, വി.ഇ.ഒ |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും/ഉദ്യോഗ പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസവും |
|---|---|---|
| അജിത പി. ബി, വി.ഇ.ഒ | വി.ഇ.ഒ, താന്ന്യം ഗ്രാമപഞ്ചായത്ത് | അനന്തത്തുപറമ്പിൽ വീട്, കോമ്പാറ, ഇരിങ്ങാലക്കട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1999-00 | LFT9-478/01 Dtd.18.05.01/ 06.07.01 | 8 | 26 | CH |
| | | | | 33(2), 34, 42, 45(1,2), 46(1), 46(2), 47 | SCH |
| 2 | 2000-01 | LFT9-898/02 Dtd.23.09. 2002 | 9 | 29(a,b), 30, 32, 36, 37, 59, 63 | SCH |
| | | | | 65(1,2,3), 67 | CAR |

| | | | | | |
|---|---|---|---|---|---|
| 3 | 2001-02 പദ്ധതി വിഹിതം | LFT9-370/03 Dtd.13.11.03/ 16.02.04 | 2 | 7 | ഭരണവകുപ്പ് |
| | | | | 11 | SCH |
| 4 | 2001-02 വരവ് ചെലവ് | LFT9-762/04 Dtd.07.03.05/ 12.08.05 | 5 | 2-1, 2-2, 3-1, 3-2, 3-5 | ഭരണവകുപ്പ് |
| 5 | 2002-03 | LFT9-763/04 Dtd.07.03.05/ 12.08.05 | 1 | 3-5 | CAR |
| 6 | 2003-04 | LFT9-447/05 Dtd.11.01.06/ 29.05.06 | 3 | 3-7 | CAR |
| | | | | 3-14 | SCH |
| | | | | 3-17 (1,2,3) | ഭരണവകുപ്പ് |
| 7 | 2006-07 | LFT9-638/10 Dtd.15.12.10 | 2 | 3-1, 3-2 | പരാമർശം നിലനിൽക്കുന്നു |
| 8 | 2008-09 | LFT P1-577/12 Dtd.03.09.12/ 28.11.12 | 3 | 2-1, 3-7 | ഭരണവകുപ്പ് |
| | | | | 3-1 | സർക്കാർ സാധൂകരണം |
| 9 | 2009-10 | LFT P1-578/12 Dtd.04.09.12/ 28.11.12 | 6 | 2-1, 3-1 | സർക്കാർ സാധൂകരണം |
| | | | | 3-3 | പരാമർശം നിലനിൽക്കുന്നു |
| | | | | 3-4, 3-5, 3-6 | ഭരണവകുപ്പ് |
| 10 | 2010-11 | LFT P1-579/12 Dtd.04.09.12/ 28.11.12 | 9 | 3-1, 3-2, 3-3, 3-5, 3-9 | ഭരണവകുപ്പ് |
| | | | | 3-6, 3-12 | സർക്കാർ സാധൂകരണം |
| | | | | 3-7, 3-10 | പരാമർശം നിലനിൽക്കുന്നു |
| 11 | 2011-12 | LFT P1-894/13 Dtd.02.01.14 | 11 | 2-3, 2-4(e) | പരാമർശം നിലനിൽക്കുന്നു |
| | | | | 3-3(1,2) | സർക്കാർ സാധൂകരണം |
| | | | | 3-6, 3-7b, 3-15, 3-8(b), 3-10, 3-13, 3-14, 3-16 | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 12 | 2012-13 | LFT P1-1027/14 Dtd.04.12.14/ 01.04.15 | 8 | 3-3 | സർക്കാർ സാധൂകരണം |
| | | | | 3-4(4,5,6,7,8), 3-6(a(3,4), 3-7, 3-9, 3-10, 3-11, 3-12 | പരാമർശം നിലനിൽക്കുന്നു |
| 13 | 2013-14 | KSATSR-P1-194/16 Dtd.18.02.16/ 11.03.16 | 17 | 2-2, 2-6, 2-11, 2-12(2), 2-14, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21 | പരാമർശം നിലനിൽക്കുന്നു |
| | | | | 3-4 | സർക്കാർ സാധൂകരണം |
| 14 | 2014-15 | KSATSR-P1-1226/16 Dtd.24.07.16/ 30.07.16 | 8 | 2-1 | CAR |
| | | | | 3-1, 3-6, 3-8, 3-9, 3-2, 3-4 | പരാമർശം നിലനിൽക്കുന്നു |
| | | | | 3-3 | സർക്കാർ സാധൂകരണം |
| 15 | 2015-16 | KSATSR-P1-2148/16 Dtd.31.01.17/ 13.02.17 | 3 | 2-4 | CAR |
| | | | | 3-17 | വിജിലൻസ് കേസ് |
| | | | | 3-18 | സർക്കാർ സാധൂകരണം |
| 16 | 2016-17 | KSATSR-P1-1518/17 Dtd.30.11.17/ 16.12.17 | 4 | 3-3, 3-8(1), 3-12, 3-13 | പരാമർശം നിലനിൽക്കുന്നു |
| 17 | 2017-18 | KSATSR-P1-1777/18 Dtd.16.01.19 | 7 | 3-1 | സർക്കാർ സാധൂകരണം |
| | | | | 2-4(1,2,3), 3-2, 3-3(1), 3-7, | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | 3-16, 3-17 | |
| 18 | 2018-19 | KSA TSR P1/710/2020 തീ 10.8.2020 | 21 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27 (3-3), 1-28 (3-1), 1-29, 1-30 (3-2) | |
| 19 | 2019-20 | KSA TSR P15/1073/2021 തീ 27.11.2021 | 38 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47 | |
| 20 | 2020-21 | KSA TSR P15/1135/2021 തീ 12.1.2022 | 46 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39(3-1), | |

| | | | | | |
|---|---|---|---|---|---|
| | | | | 1-40, 1-41, 1-42(3-2), 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55 | |
| | ആകെ | | 211 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്